# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1826    16.06.2014-ൽ മറുപടിയ്ക്ക്**

**അന്യസംസ്ഥാന തൊഴിലാളികളെന്ന വ്യാജേന താമസിക്കുന്ന തീവ്രവാദികളും കുറ്റകൃത്യങ്ങളിലേർപ്പെടുന്നവരും**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി. ദിവാകരൻ | രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| എ) അന്യ സംസ്ഥാനതൊഴിലാളികൾ എന്ന വ്യാജേന തീവ്രവാദികളും, കുറ്റകൃത്യങ്ങളിലേർപ്പെടുന്നവരും, കള്ളന്മാരും വ്യാപകമായി സംസ്ഥാനത്ത് താമസിക്കുന്നതായുള്ള വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ഇത്തരം ഒറ്റപ്പെട്ട ചില സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇവർക്കെതിരെ കർശന നടപടികൾ സ്വീകരിച്ചു വരുന്നു. അന്യസംസ്ഥാന തൊഴിലാളികളുടെ മറവിൽ വരുന്നവർ മോഷണം തുടങ്ങിയ കുറ്റകൃത്യങ്ങളിൽ പ്രതികളായതിൽ ക്രൈം കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇപ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള കേസുകളിൽ നിയമ നടപടികൾ സ്വീകരിച്ചു വരുന്നു. ഇത്തരക്കാർക്കെതിരെ സംസ്ഥാന പോലീസ് മതിയായ ജാഗ്രത പുലർത്തി വരുന്നുണ്ട്. |
| ബി) ഇത് കണ്ടെത്തുന്നതിനുള്ള നപടികൾ എന്തെല്ലാമാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വിശദമാക്കാമോ ? | (ബി) അന്യ സംസ്ഥാന തൊഴിലാളികൾ ഉൾപ്പെടെയുള്ള അപരിചിതരെ കർശനമായി നിരീക്ഷിച്ചു വരുന്നു. കൂടാതെ ക്രിമിനൽ സ്വഭാവമുള്ള അപരിചിതരുടെ പ്രവർത്തനങ്ങൾ നിരന്തരം നിരീക്ഷിച്ചു വരുകയും ചെയ്യുന്നു. അന്യ സംസ്ഥാന തൊഴിലാളികളെ ജോലിക്കായി കൊണ്ടുവരുന്ന ഏജന്റ്മാരോ കോൺട്രാക്ടർമാരോ അവരുടെ പേരും മേൽവിലാസവും ഫോട്ടോയും സഹിതമുള്ള വിശദ വിവരങ്ങൾ അതാതു പോലീസ് സ്റ്റേഷനുകളിൽ ഹാജരാക്കുന്നതിന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ അന്യ സംസ്ഥാന തൊഴിലാളികൾ താമസിക്കുന്ന സ്ഥലങ്ങളും അവരുമായി ബന്ധപ്പെട്ടവരെയും സസൂക്ഷ്മം നിരീക്ഷിച്ചു വരുന്നുണ്ട്. ഇവർ താമസിക്കുന്ന സ്ഥലങ്ങളിലും തൊഴിലിടങ്ങളിലും പരിശോധനകൾ നടത്തി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ